**പതിനാലാം കേരള നിയമസഭ**

**പതിനാൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2278** **11/03/2020 ൽ മറുപടിക്ക്**

**<u>അരങ്ങിൽ മഹാദേവക്ഷേത്രത്തിൽ നിർമ്മാണ പ്രവർത്തനം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ആൻസലൻ** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര അരങ്ങിൽ മഹാദേവക്ഷേത്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | എസ്റ്റിമേറ്റിൽ ഏതൊക്കെ പ്രവൃത്തികൾ ആണ് ഉൾപ്പെടുത്തിയത് എന്ന് വിശദമാക്കാമോ; അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | എസ്റ്റിമേറ്റിൽ ആനക്കൊട്ടിൽ നിർമ്മാണവും സ്റ്റോർ ഉൾപ്പെടെയുള്ള ആഫീസ് റൂമിന്റെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആനക്കൊട്ടിലിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് വെരിഫൈ ചെയ്തു വരുന്നു. സ്റ്റോർ ഉൾപ്പെടെയുള്ള ആഫീസ് റൂമിന്റെ നിർമ്മാണത്തിന് അടങ്കൽ തുക 4,75,000/- രൂപയാണ്. |
| (സി) | അരങ്ങിൽ ക്ഷേത്രത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയത് എന്ന് വിശദമാക്കുമോ? | (സി) | സ്റ്റോർ ഉൾപ്പെടെയുള്ള ആഫീസ് റൂമിന്റെ നിർമ്മാണത്തിന് 4,75,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആനക്കൊട്ടിലിന്റെ നിർമ്മാണത്തിന് ഭരണാനുമതിക്കുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ